# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.40/PR/PIC/PHQ/14 Date : 29.04.2014

## അമോണിയം നൈട്രേറ്റ് ദുരുപയോഗം തടയാനും സുരക്ഷാ മുൻകരുതലുകൾ പാലിക്കാനും നിർദ്ദേശം

കൃഷിക്കുള്ള രാസവളമായി ഉപയോഗിക്കുന്ന അമോണിയം നൈട്രേറ്റ് സ്ഫോടകവസ്തു നിർമ്മാണത്തിനായി വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ അതിന്റെ ഉത്പാദനവും വിതരണവും കടത്തും കയറ്റിറക്കും കൈകാര്യവും കൈവശം വയ്ക്കലും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള അമോണിയം നൈട്രേറ്റ് റൂളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കാൻ പോലീസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകി.

കേന്ദ്ര സർക്കാർ വ്യവസ്ഥകൾപ്രകാരം നഗരങ്ങളിൽ പോലീസ് കമ്മീഷണർ/ഡെപ്യൂട്ടി കമ്മീഷണറും മറ്റിടങ്ങളിൽ എ.ഡി.എമ്മുമാണ് ജില്ലാ അതോറിട്ടിയായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ലാബറട്ടറികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയ്ക്ക് ശാസ്ത്ര-വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി പോലീസിനെ അറിയിച്ചുകൊണ്ട് അഞ്ചുകിലോഗ്രാമിൽ കവിയാത്ത അമോണിയം നൈട്രേറ്റ് കൈവശം വയ്ക്കാം. അത് വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ടാകണ മെന്ന് ചട്ടങ്ങൾ നിഷ്കർഷിക്കുന്നു.

മറ്റ് സ്ഫോടക വസ്തുക്കൾ, തീപിടിക്കുന്ന വസ്തുക്കൾ, എണ്ണ, വാതകങ്ങൾ, കാർബണേഷ്യസ് വസ്തുക്കൾ എന്നിവയ്ക്കൊപ്പമോ യാത്രാവാഹനങ്ങളിലോ അമോണിയം നൈട്രേറ്റ് കൊണ്ടുപോകാൻ പാടില്ല. ശരിയായ വെളിച്ചവും സുരക്ഷയും ഉറപ്പാക്കാതെ വൈകിട്ട് ആറുമണിക്കും രാവിലെ ആറുമണിക്കും ഇടയിൽ ആരും തന്നെ അമോണിയം നൈട്രേറ്റ് കൈകാര്യം ചെയ്യാൻ പാടില്ല. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, 18 വയസ്സിനു താഴെയുള്ളവർ, മദ്യപിച്ചിട്ടുള്ളവർ എന്നിവരെ അമോണിയം നൈട്രേറ്റ് കൈകാര്യം ചെയ്യുന്ന തൊഴിലിൽ ഏർപ്പെടുത്താൻ പാടില്ല.

അമോണിയം നൈട്രേറ്റ് കൊണ്ടുപോകുന്നതിന് നിർദ്ദിഷ്ട ഫാറത്തിൽ ഇരുപത്തിനാലു മണിക്കൂറിന് മുമ്പെങ്കിലും കയറ്റുന്ന സ്ഥലത്തെയും എത്തിയ്ക്കുന്ന സ്ഥലത്തെയും ജില്ലാ പോലീസ് മേധാവിമാർക്ക് അറിയിപ്പ് നൽകിയിരിക്കണം. ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം നൽകുന്ന പാസ്സുകളുടെ കോപ്പികൾ ലൈസൻസിങ് അധികാരിക്കും കൊണ്ടുപോകുന്ന സ്ഥലത്തെയും എത്തിക്കുന്ന സ്ഥലത്തെയും ജില്ലാ പോലീസ് മേധാവിമാർക്കും നൽകണം.

The contents of this document may be deemed to be based on received information which is subject to further verification

അമോണിയം നൈട്രേറ്റ് കൊണ്ടുപോകുന്ന വാഹനങ്ങളുടെ ഡ്രൈവർമാരുടെയും ക്ലീനർമാരുടെയും പശ്ചാത്തലവും മുൻകാലചെയ്തികളും സ്വഭാവവും മറ്റ് വ്യക്തിഗത വിവരങ്ങളും ലോക്കൽ പോലീസിന് പരിശോധനയ്ക്കായി നൽകണം. പോലീസ് പരിശോധനയ്ക്കുശേഷം അനുമതി കിട്ടുന്ന ഡ്രൈവർമാരെയും ക്ലീനർമാരെയും മാത്രമേ ഇതിനുപയോഗിക്കാവൂവെന്നും ചട്ടങ്ങൾ പറയുന്നു. ലൈസൻസ് ലഭിച്ചവർ സ്വന്തം ചെലവിൽ അമോണിയം നൈട്രേറ്റ് കൊണ്ടുപോകുന്ന വാഹനങ്ങളുടെ സുരക്ഷയും ഉറപ്പാക്കണം. തന്ത്രപ്രധാനമുള്ള വഴികളിലൂടെ ഇവ കൊണ്ടുപോകുമ്പോൾ ജില്ലാ പോലീസ് ഒരുക്കുന്ന സായുധ പോലീസിന്റെ അകമ്പടിയുമുണ്ടാകണം. കേന്ദ്ര ആഭ്യന്തര വകുപ്പ് നോട്ടിഫൈ ചെയ്തിട്ടുള്ള തന്ത്രപ്രധാന സ്ഥലങ്ങളിലൂടെ രാത്രികാലങ്ങളിലെ യാത്ര അനുവദിക്കരുത്. അമോണിയം നൈട്രേറ്റ് കൊണ്ടുപോകുന്ന കാര്യവും എവിടെനിന്ന് എങ്ങോട്ടേക്ക് കൊണ്ടുപോകുന്നുവെന്ന വിവരവും ബന്ധപ്പെട്ട പോലീസ് അധികാരികൾക്ക് രേഖാമൂലം നൽകിയിരിക്കണം.

അമോണിയം നൈട്രേറ്റ് കൊണ്ടുപോകുന്ന വാഹനം അപകടത്തിൽപ്പെട്ടാൽ ഉടൻതന്നെ ഡ്രൈവറോ ഉത്തരവാദപ്പെട്ട ആരെങ്കിലുമോ ജില്ലാധികാരികളെയും ഏറ്റവും അടുത്തുള്ള പോലീസ് സ്റ്റേഷനെയും അറിയിക്കണം.

അമോണിയം നൈട്രേറ്റ് സൂക്ഷിക്കുന്ന മുറിയുടെ താക്കോൽ കൈവശമുള്ള അംഗീകൃത ഏജന്റിന്റെ പേര്, വിലാസം, പാസ്പോർട്ട്സൈസ് ഫോട്ടോ എന്നിവ ബന്ധപ്പെട്ട ലൈസൻസിങ് അതോറിറ്റിക്കും ജില്ലാഅതോറിട്ടിക്കും നൽകണം.

കമ്മീഷണർ മുതൽ എസ്.ഐ റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥർക്ക് വരെ ചട്ടങ്ങൾപ്രകാരം തങ്ങളുടെ അധികാരപരിധിയിലുള്ള പ്രദേശത്ത് പരിശോധനനടത്താനും ചട്ടവിരുദ്ധമായി സൂക്ഷിക്കുകയോ കൊണ്ടുപോകുകയോ ചെയ്യുന്ന അമോണിയം നൈട്രേറ്റ് പിടിച്ചെടുക്കുവാനും അധികാരം നൽകിയിട്ടുണ്ട്. അമോണിയംനൈട്രേറ്റിന്റെ മോഷണം സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ അധികാരികളെയും അപകടവിവരങ്ങൾ അടുത്തുള്ള പോലീസ് സ്റ്റേഷനിലുൾപ്പെടെയുള്ള ബന്ധപ്പെട്ട അധികാരികളെയും നോട്ടീസ് മുഖേന അറിയിക്കണമെന്നും ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു.

ഈ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്ന് ഉറപ്പുവരുത്താൻ പോലീസ് ജാഗ്രതാപൂർവ്വം പ്രവർത്തിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

***************